# സാമൂഹിക പ്രത്യാഘാത പഠനം

## നാറാണത്ത് പാലം പുനർ നിർമ്മാണം
## എടക്കാട് വില്ലേജ്, കണ്ണൂർ താലൂക്ക്, കണ്ണൂർ ജില്ല
## 0.1560 ഹെക്ടർ

കരട് റിപ്പോർട്ട്

12/09/2023

റിക്വസിഷൻ അധികാരി

പൊതുമരാമത്തു വകുപ്പ് (പാലങ്ങൾ വിഭാഗം)

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA V H S
MULLANKUZHY
KOTTAYAM 2
COLLECTORATE P.O.

## ഉള്ളടക്കം

അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം


1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(സി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ


അനുബന്ധരേഖകൾ


1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ


KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

നാറാണത്ത് പാലം പുനർ നിർമ്മാണം
എടക്കാട് വില്ലേജ്, കണ്ണൂർ താലൂക്ക്, കണ്ണൂർ ജില്ല
0.1560 ഹെക്ടർ
പഠന റിപ്പോർട്ട്- രത്ന ചുരുക്കം

## 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ദേശീയപാതയ്ക്ക് സമാന്തരമായി എടക്കാട് റെയിൽവേ ഗയിറ്റ് മുതൽ നടാൽ റെയിൽവേ ഗയിറ്റ് വരെയുള്ള പഴയ ദേശീയപാതയുടെ ഭാഗത്തെ തലശ്ശേരി റോഡ് എന്നാണ് അറിയപ്പെടുന്നത് . അനേകം വ്യാപാര-വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ഈ പാത ഇപ്പോഴത്തെ ദേശീയ പാതയിലേക്ക് പ്രവേശിക്കുന്ന നടാൽ റെയിൽവേ ഗയിറ്റ് മുതൽ തുടങ്ങുന്ന പൊതുമരാമത്ത് റോഡ് നടാൽ പാലം മുറിച്ച് കടന്ന് മുഴുപ്പിലങ്ങാടി, ഏഴര, മുനമ്പ്, കുറ്റിക്കകം, കിഴുന്നപ്പാറ എന്നിവിടങ്ങളിലേക്ക് പോകുന്ന നടാൽ പുഴയിൽ അയ്യരത്ത് പാലം, എരിഞ്ഞിക്കൽ പാലം എന്നീ പാലങ്ങളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന നാറാണത്ത് പാലം വളരെ വർഷങ്ങൾ പഴക്കമുള്ള പാലമാണ്. ഒരു കാലത്ത് കണ്ണൂർ- തലശ്ശേരി പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന റോഡിൽ സ്ഥിതി ചെയ്യുന്ന ഈ പാലം ഇപ്പോഴും ദേശീയപാതയിൽ തടസ്സങ്ങൾ ഉണ്ടാവുമ്പോൾ വാഹനങ്ങൾ ആശ്രയിക്കുന്ന പ്രധാന പാതയാണ്.

നടാൽ പുഴയ്ക്കും ദേശീയപാതയ്ക്കും അറബിക്കടലിനും ഇടയിൽ സ്ഥതിചെയ്യുന്ന ഒരു വലിയ പ്രദേശത്തിന്റെ പ്രധാന ഗതാഗത സൗകര്യമാണ് നാറാണത്ത് പാലം, കാലപഴക്കം കൊണ്ട് ബലക്ഷയം നേരിടുന്ന പാലം വഴിയുള്ള ഗതാഗതം തടസ്സപ്പെട്ടാൽ മേൽപ്പറഞ്ഞ പ്രദേശത്ത് വസിക്കുന്ന പലരും കിലോമീറ്ററുകൾ യാത്രചെയ്ത് വേണം വീടുകളിൽ എത്താൻ. അതുകൊണ്ട് പൊതുതാത്പര്യ പദ്ധതിയായി കണക്കാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് നാറാണത്ത് പാലം പുനർ നിർമ്മാണ പദ്ധതി സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, സുതാര്യത നിയമം 2013 പ്രകാരം സാമൂഹ്യപ്രത്യാഘാത പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ കരട് റിപ്പോർട്ട് സമർപ്പിക്കപ്പെടുന്നത്.

## 1.2. പദ്ധതി പ്രദേശം

കണ്ണൂർ പട്ടണം, തലശ്ശേരി പട്ടണം എന്നിവയുടെ ഇടയിൽ, മുഴുപ്പിലങ്ങാടി ഡ്രൈവിൻ ബീച്ചിൽ നിന്നും നാല് കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം, താമസ്സ പ്രധാനമാണ്. എടക്കാട് തോട് കടന്നുപോകുന്ന പദ്ധതി പ്രദേശം, കാർഷികപ്രാധാന്യമുള്ള പ്രദേശമാണ്. അനേകം ഇടറോഡുകൾ കൊണ്ട് പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്ന ദേശീയപാതയ്ക്കും അറബിക്കടലിനും ഇടയിൽ സ്ഥിതിചെയ്യുന്ന ഗ്രാമീണ മേഖലയാണ് പദ്ധതി പ്രദേശം. എന്നാൽ ഉത്തര കേരളത്തിലെ സാംസ്കാരിക തലസ്ഥാനമായ തലശ്ശേരിയുടെയും കണ്ണൂരിന്റെയും സാമീപ്യംമൂലം പദ്ധതി പ്രദേശം ഉയർന്ന സാമൂഹ്യ-സാമ്പത്തീക സൂചകങ്ങൾ രേഖപ്പെടുത്തുന്നു. സാക്ഷരത, ആരോഗ്യം, സ്ത്രീ പുരുഷ അനുപാതം, ഭൂമിയുടെ ഉടമസ്ഥത ഇവയിലെല്ലാം സംസ്ഥാന ശരാശരിയേക്കാൾ

COLLECTORATE P.O.

ഉയർന്ന നിലവാരം പുലർത്തുന്ന പ്രദേശങ്ങളാണ്. പദ്ധതി പ്രദേശം തീരപ്രദേശം ആണ് എങ്കിലും നല്ല ഗതാഗതസൗകര്യം ഉള്ള സ്ഥലങ്ങളാണ് പദ്ധതി പ്രദേശത്തുള്ളത്.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ എൽ.എ തലശ്ശേരി ഓഫീസ് ആണ് ഭൂമി ഏറ്റെടുക്കൽ സംബന്ധമായ എല്ലാ അളവുകളും പരിശോധനകളും നടത്തിയത്. ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ന്റെ മേൽ നോട്ടത്തിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്.

#### (ബി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

എട്ട് ഭൂ ഉടമസ്ഥരുടെ കൈവശം ഉള്ള 0.1560 ഹെക്ടർ ഭൂമിയും, ഇപ്പോഴുള്ള നാറാണത്ത് പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള പൊതുമരാമത്ത് വകുപ്പിന്റെ റോഡിന്റെ ഭാഗമായ സർക്കാർ ഭൂമിയും ഉൾപ്പെടുന്നതാണ് പദ്ധതി ഭൂമി. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമി പ്രധാനമായും വാണിജ്യ പ്രധാനവും, താമസ്സപ്രധാനവുമാണ്. രണ്ട് താമസ്സ ഭൂമികളും, രണ്ട് കൃഷി ഭൂമികളും, രണ്ട് കണ്ടൽ വളരുന്ന ഭൂമികളും, രണ്ട് വാണിജ്യ ഭൂമികളും, സർക്കാർ ഭൂമിയും കൂടുന്നതാണ് പദ്ധതി ഭൂമി. ദേശീയ പാതയോട് ഉള്ള സാമീപ്യം കണ്ണൂരിൽ നിന്നും, മുഴുപ്പിലങ്ങാടി വിനോദസഞ്ചാര ബീച്ചിലേക്കുള്ള ഗ്രാമീണ പാത എന്നിവ കണക്കാക്കുമ്പോൾ പദ്ധതിയുടെ വാണിജ്യ പ്രധാന്യം കുറവല്ല എന്ന് കണക്കാക്കാവുന്നതാണ്. ജില്ലാ ആസ്ഥാനത്തുനിന്നും അഞ്ച് കിലോമീറ്ററും, ദേശീയപാതയിൽ നിന്നും മുന്നൂറ് കിലോമീറ്ററും, തലശ്ശേരിയിൽ നിന്നും പതിമൂന്ന് കിലോമീറ്ററും മാത്രം അകലെ സ്ഥിതിചെയ്യുന്ന പദ്ധതി ഭൂമി, പദ്ധതി പൂർത്തീകരണത്തോടെ വലിയ സാമൂഹ്യ സാമ്പത്തിക പുരോഗതി നേടാൻ സാധ്യതയുണ്ട്.

#### (സി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

എട്ട് ഭൂ ഉടമസ്ഥരാണ് നേരിട്ടുള്ള പദ്ധതിബാധിതർ അവർക്ക് 0.3 സെന്റ് മുതൽ 7 സെന്റ് വരെ ഭൂമി നഷ്ടപ്പെടുന്നു. രണ്ട് വ്യാപാര കെട്ടിടങ്ങളുടെ മുൻഭാഗത്തെ ഷെയ്ഡ്, രണ്ട് താമസ്സ ഭവനങ്ങളുടെ ചുറ്റ് മതിലിന്റെ ഭാഗങ്ങൾ എന്നിവയാണ് ചമയങ്ങളായി നഷ്ടപ്പെടുന്നത്.

പദ്ധതിബാധിതരിൽ മൂന്ന് പേർ പദ്ധതി പ്രദേശത്ത് താമസ്സിക്കുന്നവരും മറ്റുള്ളവർ പദ്ധതി പ്രദേശത്ത് നിന്നും ദൂരെ താമസ്സിക്കുന്നവരുമാണ്. എല്ലാവരും മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതിയുള്ളവരും പത്താംതരത്തിന് മുകളിൽ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമാണ്. മൂന്ന് പേര് മുസ്ലീം മത വിശ്വാസികളും, മറ്റുള്ളവർ ഹിന്ദുമതസ്ഥരുമാണ്. ഭൂമിയുടെ ഉടമസ്ഥാവകാശം, മാസവരുമാനം, താമസ്സ ഭവനങ്ങളുടെ വലിപ്പം എന്നിവ കണക്കാക്കുമ്പോൾ എല്ലാവരും സാമ്പത്തികമായി മധ്യവർഗ്ഗ നിലയിൽ ഉള്ളവരാണ് എന്ന് കണക്കാക്കാവുന്നതാണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

നിലവിലെ പാലത്തിന് പകരമായി നിർമ്മിക്കപ്പെടുന്ന പാലം എന്നുള്ള നിലയിൽ പദ്ധതിക്ക് ബദൽ നിർ ദ്ദേശങ്ങൾ പ്രായോഗികമല്ല.

### 1.5. സാമൂഹിക പ്രത്യാഘാതം

ഭൂമി നഷ്ടപ്പെടുന്നു എന്നതും, രണ്ട് വ്യാപാര കെട്ടിടങ്ങളുടെ മുൻഭാഗത്തെ ഷെയ്ഡ്, രണ്ട് താമസ്സ ഭവനങ്ങളുടെ ചുറ്റുമതിൽ എന്നിവ ഭാഗീകമായി ബാധിക്കുന്നു എന്നതുമാണ് പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘതം. എന്നാൽ വർഷങ്ങളായി നടന്നു വരുന്ന ഒരു തടി വ്യവസായ യൂണിറ്റിലേക്കും, എരിഞ്ഞിക്കൽ അമ്പലം റോഡ്, ഹാജി റോഡ് എന്നിവയിലേയ്ക്കുള്ള പ്രവേശനം തടസ്സപ്പെടാതെ പദ്ധതി നടപ്പിലാക്കേണ്ടതാണ്. കൂടാതെ പാലത്തിന്റെ അനുബന്ധ റോഡുകൾ ഉയർത്തപ്പെടുമ്പോൾ സമീപസ്ഥ വ്യാപാര കെട്ടിടങ്ങളിലേക്കും, താമസ്സ ഭവനങ്ങളിലേയ്ക്കും ഉള്ള പ്രവേശന മാർഗ്ഗങ്ങൾ തടസ്സപ്പെടാൻ സാധ്യതയുണ്ട്. ഏതാനും തെങ്ങുകൾ, കവുങ്ങുകൾ, കണ്ടൽ മരങ്ങൾ എന്നിവ പദ്ധതി ബാധിതമാണ്. ഇപ്പോഴത്തെ നടാൽ - തലശ്ശേരി റോഡിന്റെ സമീപത്ത് സ്ഥിതിചെയ്യുന്ന ജലസേചന കനാലുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. ഇപ്പോൾ ഉപയോഗത്തിൽ ഇല്ല എങ്കിലും, ഭാവിയിൽ കാർഷിക പ്രവർത്തനങ്ങൾ പുനരാരംഭിച്ചാൽ ഈ കനാലുകൾ ആവശ്യമായി തീർന്നേക്കാം, നടാൽ തോടിന് കുറുകെ നിർമ്മിക്കുന്ന പാലം എന്ന നിലയിൽ, ഭാവിയിൽ വികസിപ്പിക്കപ്പെടാൻ സാധ്യത ഉള്ള ജലപാത വിനോദസഞ്ചാര സാധ്യതകൾ നിലനിർത്തി പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനും, പ്രാദേശിക വികസനത്തിനും, ഭാവിയിൽ ഉണ്ടാവുന്ന പ്രാത്യാഘാതങ്ങൾ ഇല്ലാതാക്കുന്നകിനും സഹായകരമാണ്.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 3. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |

KERALA V H S MULLANKUZHY KOTTAYAM COLLECTORATE P.O.

| | | | |
|---|---|---|---|
| 5 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്തം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാക ത്തക്ക വിധം ഉള്ള നടപടികൾ സ്വീക രിക്കുക. നഷ്ട പരിഹാരം നൽകുക |
| 6 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകു കയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയി ലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 7 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാളിത്തം ഉറപ്പു വരു ത്തുക. |
| 8 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തി ക്കുക. |

**1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2 | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | വളരെ ഉയർന്ന | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 3 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | വീടുകളിലേക്കും ഭൂമിയിലേ | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും പഠനം |

MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | ക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | | | | | | നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 5 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 6 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 7 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | മധ്യമം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 8 | പരാതി പരിഹാരം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

ഭവന നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ നഷ്ടം എന്നിവ ഉണ്ടാവുന്നില്ല എന്നുള്ളതുകൊണ്ട് തന്നെ പദ്ധതിയുടെ പ്രത്യാഘതം തുലോം കുറവാണ് എന്ന് കണക്കാക്കാവുന്നതാണ്. എന്നാൽ എട്ട് പദ്ധതിബാധിതർക്ക് തങ്ങളുടെ ഭൂമിയിൽ ഭാഗിക നഷ്ടം ഉണ്ടാവുന്നത് പദ്ധതി ഭൂമിയുടെ പ്രാധാന്യം കണക്കാക്കി നഷ്ടപരിഹാര നിർണ്ണയത്തിലൂടെ കുറയ്ക്കേണ്ടതാണ്.

KERALA V H S
MULLANKUZHY KOTTAYAM-2
COLLECTORATE P.O.

കൂടാതെ ഇപ്പോഴുള്ള സുഗമമായ പ്രവേശന മാർഗ്ഗങ്ങൾ, പദ്ധതിയുടെ ഭാഗമായി അനുബന്ധ റോഡുകൾ ഉയരുമ്പോൾ തടസ്സപ്പെടാൻ സാധ്യതയുണ്ട്. ഇത് പദ്ധതിബാധിതരെ മുൻകൂട്ടി ബോധ്യപ്പെടുത്തുകയും അവരുടെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് പുനസ്ഥാപന രൂപരേഖ തയ്യാറാക്കേണ്ടതാണ്. ചമയങ്ങൾ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകി പ്രത്യാഘാത ലഘൂകരണത്തിന് അവരെ സഹായിക്കേണ്ടതാണ്. എരിഞ്ഞിക്കൽ അമ്പലം റോഡ്, ഹാകി റോഡ് തടി വ്യവസായ യൂണിറ്റിലേക്ക് ഉള്ള പ്രവേശനമാർഗ്ഗം എന്നിവയിലേയ്ക്കും, വീടുകളിലേയ്ക്കും ഉള്ള പ്രവേശനവും സുഗകരമാവും വിധം പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് പ്രത്യാഘത ലഘൂകരണത്തെ സഹായിക്കും. കൂടാതെ നടാൽ തോടിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഭാവിയിൽ ജലഗതാഗതം, വിനോദസഞ്ചാരത്തിൽ ഉണ്ടാവുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താൻ തക്കവണ്ണം പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് ഒരു പ്രത്യാഘത ലഘൂകരണമാർഗ്ഗമാണ്. പദ്ധതിബാധിതർ, ന്യായമായ നഷ്ടപരിഹാരം, പദ്ധതിയുടെ സമയ ബന്ധിത പൂർത്തീകരണം എന്നിവയാണ് ആവശ്യപ്പെടുന്നത്. നാറാണത്ത് പാലം പദ്ധതി വളരെ വർഷങ്ങളായി നിർദ്ദേശിക്കപ്പെട്ട ഒരു അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. പദ്ധതിപ്രദേശത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ, കാർഷികാഭിവൃദ്ധി, ഗതാഗതസൗകര്യ വികസനം എന്നിവയെ വലിയ അളവിൽ സഹായിക്കും. പദ്ധതിബാധിതർക്ക് എല്ലാംതന്നെ പദ്ധതിയുടെ പ്രയോജനം ലഭ്യമാവും എന്നതുകൊണ്ട് പദ്ധതിയുടെ പൊതുതാത്പര്യം വളരെ വലുതാണ്. പദ്ധതി പൂർത്തീകരണത്തോടെ ദേശീയപാടയിൽ കൂടെ അല്ലാതെ മുഴുപ്പിലങ്ങാട്, തലശ്ശേരി പ്രദേശങ്ങളിലേക്ക് യാത്രചെയ്യാൻ ഒരു ഇടനാഴി തുറക്കപ്പെടുകയാണ്. ദുരന്ത നിവാരണ, ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഉള്ള എത്തിപ്പെടൽ, വിവിധ സ്ഥാപനങ്ങളുടെ സേവലം ലഭ്യമാക്കുക എന്നിവയിൽ എല്ലാം വലിയ പിന്തുണ നൽകാൻ പദ്ധതിക്ക് സാധിക്കും.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതിയുടെ പൊതുതാൽപ്പര്യം പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനവും ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തേക്കാൾ വളരെ വലുതായതു കൊണ്ടും നിയമം അനുശാസിക്കുന്ന പുനരധിവാസ പുനർവാസ നടപടിക്രമങ്ങളിലൂടെ പ്രത്യാഘാതത്തെ കുറയ്ക്കാനോ, ഇല്ലായ്മ ചെയ്യുവാനോ സാധിക്കും എന്നതിനാലും ഈ പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപ്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

സാജു വി. ഇട്ടി
ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്

**അനുബന്ധരേഖകൾ**

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## നാറാണത്ത് പാലത്തിന്റെ പുനർ നിർമ്മാണം
## കണ്ണൂർ താലൂക്കുകൾ, എടക്കാട് വില്ലേജ്, കണ്ണൂർ ജില്ല

### ഭൂമിയിലോ, ചമയങ്ങളിലോ ഉടമസ്ഥാവകാശമുള്ള പദ്ധതിബാധിതർ

| ക്രമ നമ്പർ | സർവ്വേ നമ്പർ | പേരും മേൽവിലാസവും | ഫോൺനമ്പർ | ബാധിക്കപ്പെടുന്ന വസ്തുക്കളുടെ വിവരം |
|---|---|---|---|---|
| 1 | 51/1 ബി, 51/6, 51/2, 52/1, 51/5, 38, 39/1, 39/2 | അബ്ദുൾ ജലീൽ | 97334185302 | 2 കട ഷീറ്റ് ഇട്ട ഭാഗം |
| 2. | | റസാക്ക് | 6238886105 | മതിൽ ഗെയ്റ്റ് |
| 3 | | റൗഫ് എ.റ്റി.<br>സപ്നേ, കുറ്റിക്കകം പി.ഒ.<br>നടാൽ | 8129531013 | സ്ഥലം, മതിൽ ഗെയ്റ്റ് |
| 4 | | ഷിജിത്ത്, എ<br>**s/o.** അച്ചുതൻ<br>കാവിൽപൊയിൽ വീട്ടിൽ,<br>കടമ്പൂർ പി.ഒ. | | സ്ഥലം |
| 5 | | ബാലൻ കെ.കെ.<br>പണ്ടാരവളപ്പിൽ, മുണ്ടേരി,<br>ഏച്ചൂർ പി.ഒ. | 9895153049 | സ്ഥലം |
| 6 | | ആർ.പി. ശോഭിനി<br>പണ്ടാരവളപ്പിൽ, മുണ്ടേരി,<br>ഏച്ചൂർ പി.ഒ. | 9895153049 | സ്ഥലം |
| 7 | | സ്റ്റാലിൻ പ്രസാദ്,<br>**s/o.** കുട്ടപ്പൻ<br>പുരവത്ത്കുടി ഹൗസ്,<br>പി.ഒ. മണത്തണ | | സ്ഥലം |
| 8 | | നളിനി വി,വി,<br>**w/o.** ഗോവിന്ദൻ<br>കുണ്ടത്തിൻകുനിയിൽ ഹൗസ്,<br>എടക്കാട് പി.ഒ. കണ്ണൂർ | | സ്ഥലം |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**PHOTOGRAPHS**













KERALA H S
KANJILLANKUZHY
KOTTAYAM-2
COLLECTORATE P.O.

©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2023 ജൂലൈ 31<br>31st July 2023<br>1198 കർക്കടകം 15<br>15th Karkadakam 1198<br>1945 ശ്രാവണം 9<br>9th Sravana 1945 | നമ്പർ<br>No. 2523 |

### ഫോറം നമ്പർ 4
[ റൂൾ 11(3) കാണുക]
### വിജ്ഞാപനം

DCKNR/11207/2021-C4

2023 ജൂലൈ 27

താഴെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, നാറാണത്ത് പാലത്തിന്റെ പുനർ നിർമ്മാണത്തിന് കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ എടക്കാട് വില്ലേജിൽ 0.1560 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടന്നത് കൊണ്ടും,

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (കേന്ദ്ര നിയമം 30, 2013)-ലെ വകുപ്പ് 4(1) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച കൊണ്ട്, 200 ആറിൽ കവിയാത്ത ഭൂമി പൊതു ആവശ്യത്തിന് ഏറ്റെടുക്കേണ്ട അവസരത്തിൽ കേരള സർക്കാർ അതാത് ജില്ലാ കളക്ടറെ ജി .ഒ (പി) നമ്പർ 376/16/ആർ.ഡി തീയതി 29.06.2016, എസ്.ആർ.ഒ നമ്പർ 468/16 എന്നിവ പ്രകാരം സമുചിത സർക്കാരായി അധികാരപ്പെടുത്തിയിട്ടുള്ളതിനാലും താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതുകൊണ്ട് ഇപ്പോൾ കണ്ണൂർ ജില്ലയിലെ ബന്ധപ്പെട്ട പ്രദേശത്ത് നിയമാനുസൃതം സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും ഒരു സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും **കേരളാ വോളണ്ടറി ഹെൽത്ത് സർവീസസ്** എന്ന ഏജൻസിയെ ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് എന്ന നിലയിൽ അധികാരപ്പെടുത്തിയിരിക്കുന്നു . മേൽ പ്രവൃത്തി 45 ദിവസത്തിനകം പൂർത്തീകരിക്കേണ്ടതും ആയത് യാതൊരു കാരണവശാലും ആറു മാസത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

പട്ടിക 1
(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

*ജില്ല : കണ്ണൂർ*
*താലൂക്ക് : കണ്ണൂർ*

*വില്ലേജ് : എടക്കാട്*
*ദേശം : കറ്റിക്കകം*

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ |
|---|---|---|
| 1 | 51/18,51/6,51/2,52/1,51/5 | 0.1246 |

പട്ടിക 2
(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

*ജില്ല : കണ്ണൂർ*
*താലൂക്ക് : കണ്ണൂർ*

*വില്ലേജ് : എടക്കാട്*
*ദേശം : എടക്കാട്*

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | 38,39/1,39/2 | 0.0314 |

ആകെ വിസ്തീർണ്ണം (ഹെക്ടർ) - 0.1560

*(ഒപ്പ്)*
ജില്ലാ കളക്ടർ
കണ്ണൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Visvan T
Date:2023.07.11 09:02:25 +05:30